പ്രധാന കമ്പോളങ്ങളിലെ വിലകൾ ശേഖരിച്ച് അവയുടെ ശരാശരിയിൽനിന്നും 10 ശതമാനം കുറച്ചാണ് കോർപ്പറേഷൻ സാധനങ്ങളുടെ വില നിശ്ചയിക്കുന്നത്.

എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോർ

164 [1345] ശ്രീ. പി. എം. മാത്യു: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) മാവേലിസ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുമോ?

ഉത്തരം

(എ) എല്ലാ പഞ്ചായത്തിലും മാവേലി സ്റ്റോറുകൾ തുടങ്ങാൻ ഇപ്പോൾ നിർവാഹമില്ല.

(ബി) നിലവിൽ വിതരണം ചെയ്യുന്നതിലധികം ഇനങ്ങൾ മാവേലി സ്റ്റോറുകൾ വഴി വിതരണം നടത്തുന്നതിന് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സുഭിക്ഷാ സ്റ്റോറുകൾ

165 [1346] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1995-96-ൽ എത്ര സുഭിക്ഷാ സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചു;

(ബി) ഇവയിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1995-96-ൽ നിലവിലുണ്ടായിരുന്ന സുഭിക്ഷാസ്റ്റോറുകൾ പുനരാരംഭിച്ചതിനു പുറമെ 719 പുതിയ സ്റ്റോറുകൾ കൂടി ആരംഭിച്ചു. ഇതോടെ ഇപ്പോൾ 3115 സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ചെറുപയർ, ചെറുപയർ പരിപ്പ്, വൻകടല, ചെറിയ കടല, തുവര പരിപ്പ്, പീസ് പരിപ്പ്, വൻ പയർ, ഉഴുന്നു പരിപ്പ്, ഉഴുന്ന് പരിപ്പ് (വിളർന്നത്), മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, മഞ്ഞൾ, ശബരി തേയില എന്നിവയാണ്.

LIBRARY ARCHIVES Kerala Legislative Assembly